# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചളവറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2016-2017

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെഎസ്എ/പികെഡി16/1652/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്, തീയതി-25.08.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചളവറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചളവറ ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചളവറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3. കാര്യാലയ പകർപ്പ്

നം.കെഎസ്എ/പികെഡി16/1652/2017 തിയതി-25.08.2017

പാലക്കാട് ജില്ലയിലെ ചളവറ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം -ാം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ ചളവറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10.09.16 മുതൽ 30.06.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സുനിൽദാസ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12-7-2017 മുതൽ 18-7-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.അരവിന്ദാക്ഷൻ.കെ.വി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രാമകൃഷ്ണൻ.കെ.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.നസീറാബാനു.എ | സീനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.അനില.സി.എസ്. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി വത്സല പി | 01.04.16 മുതൽ 31.03.17 വരെ |
| സെക്രട്ടറി | സജീവ്കുമാർ കെ ബി | 01.04.16 മുതൽ 30.10.16 വരെ |
| | സുപ്രഭ കെ പി (ഇൻചാർജ്ജ്) | 01.11.16 മുതൽ 22.12.16 വരെ |
| | സ്റ്റാലിൻ ഡബ്ല്യൂ ഗോമസ് | 23.12.16 മുതൽ 31.03.17 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ പ്രഭാകരൻ എൻ | 01.04.16 മുതൽ 20.09.16 വരെ |
| | ശ്രീമതി മഞ്ജു കെ ആർ | 21.09.16 മുതൽ 19.03.17 വരെ |
| | ശ്രീമതി ശോഭ പി വി | 20.03.17 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | ഡോ മിനി | 01.04.16 മുതൽ 06.07.16 വരെ |
| | ഡോ ഫസീല പി | 07.07.16 മുതൽ 22.12.16 വരെ |
| | ഡോ ധനീഷ് പി പി | 23.12.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ ട്വിങ്കിൾ സുരേന്ദ് | 01.04.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ അഞ്ജലി ടി നായർ | 01.04.16 മുതൽ 31.03.17 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതിലേഖ ഗ്രിഗോറിയസ് | 01.04.16 മുതൽ 31.03.17 വരെ |
| വില്ലേജ് ഓഫീസർ | ശ്രീമതി മായ കെ വി | 01.04.16 മുതൽ 31.03.17 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി മീര എ വി | 01.04.16 മുതൽ 31.03.17 വരെ |
| കൃഷി ഓഫീസർ | ഷിബു എ ആർ | 01.04.16 മുതൽ 31.03.17 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി മേരി സുധ ജി | 01.03.16 മുതൽ 10.08.16 വരെ |
| | ശ്രീമതി പ്രസന്ന ടി കെ | 11.08.16 മുതൽ 31.03.17 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | സുപ്രഭ കെ പി | 01.04.16 മുതൽ 06.01.17വരെ |
| | ശശികുമാർ എം എസ് (ഇൻ ചാർജ്ജ്) | 07.01.16 മുതൽ 31.03.17 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 1/ 3.3.16 നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 3/23.5.17 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 1.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 6930326 |
| വരവ് | 53141547 |
| ആകെ | 60071873 |
| ചെലവ് | 51038186 |
| നീക്കിബാക്കി | 9033687 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | അനുവദിച്ച തുക | ആകെ | ചെലവ് | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 8879954 | 8879954 | 8500977 | 378977 | 95.7% |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 10688229 | 10688229 | 8386478 | 2301751 | 78.46% |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 10920471 | 10920471 | 6030516 | 4889955 | 55.2% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2844366 | 2844366 | 2222755 | 621611 | 78.15% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4979803 | 4979803 | 4672979 | 306824 | 93.8% |
| ലോക ബാങ്ക് സഹായം<br>സെൻട്രൽ | 0 | 3488275 | 3488275 | 2394633 | 1093642 | 68.65% |
| ആകെ | | 41801098 | 41801098 | 32208338 | 9592760 | 77 % |

വികസന പ്രവർത്തനങ്ങൾക്കായി വിവിധ സ്രോതസ്സുകളിൽ നിന്നും തൻവർഷം ലഭിച്ച തുകകളിൽ 96 ലക്ഷത്തോളം രൂപ ചെലവഴിക്കാത്തതിനാൽ ഗ്രാമ പഞ്ചായത്തിന് നഷ്ടമായി. ആസൂത്രണം ചെയ്ത പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും കൂട്ടായ ശ്രമം ആവശ്യമാണ്. ലഭ്യമാകുന്ന തുകകൾ പരമാവധി പ്രയോജനപ്പെടുത്തുകയും പഞ്ചായത്തിന്റെ സമഗ്ര വികസനം സാധ്യമാക്കുകയും ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | നടപ്പാക്കാത്തവ | ചെലവ് ശതമാനം |
|---|---|---|---|---|---|
| 176 | 61930652 | 89 | 35344691 | 87 | 57.1% |

(ബി) നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫണ്ട് വിനിയോഗം

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 26 | 18 | 7391393 | 3976651 | 53.80% |
| അസി.സെക്രട്ടറി | 7 | 5 | 6431880 | 4343156 | 67.53% |
| അസി.എഞ്ചിനീയർ | 114 | 41 | 30300896 | 14286172 | 47.15% |
| കൃഷി ഓഫീസർ | 5 | 4 | 4793638 | 2941000 | 61.35% |
| വെറ്ററിനറി സർജൻ | 3 | 3 | 1720000 | 782500 | 45.49% |

| | | | | | |
|---|---|---|---|---|---|
| പി.എച്ച്.സി അലോപ്പതി | 2 | 2 | 550000 | 478498 | 87% |
| ആയുർവ്വേദം | 2 | 2 | 1250000 | 1250000 | 100% |
| ഹോമിയോ | 2 | 2 | 330700 | 328000 | 99.18% |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 6 | 4850500 | 4214672 | 86.89% |
| വി.ഇ.ഒ | 7 | 5 | 4011645 | 2444045 | 60.92% |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 300000 | 299997 | 100% |
| ആകെ | | | 61930652 | 35344691 | 57.1% |

പഞ്ചായത്തിന്റെ വിവിധ മേഖലയിലെ വികസനം ലക്ഷ്യം വെച്ച് അതാതു മേഖലകളിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ അവ നടപ്പിലാക്കേണ്ട ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥന്മാർക്കുണ്ട്. 176 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 87 പ്രോജക്ടുകൾ നടപ്പിലാക്കാതെ ഫണ്ട് നഷ്ടപ്പെടുത്തിയത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.നടപ്പിലാക്കിയ 89 പ്രവൃത്തികൾക്കായി പദ്ധതി അടങ്കലിന്റെ 57.1% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

മെഡിക്കൽ ഓഫീസർ ആയുർവ്വേദം, മെഡിക്കൽ ഓഫീസർ ഹോമിയോ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നിവർ 80% ൽ കൂടുതൽ തുക ചെലവഴിച്ചപ്പോൾ വെറ്ററിനറി സർജൻ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ 50% ൽ താഴെ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഇപ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കാത്തതിനാൽ, മറ്റു തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനങ്ങൾക്ക് ലഭിച്ച ആനുകൂല്യം ഇവിടെയുള്ളവർക്ക് ലഭിക്കാതെ പോയത് നിർവ്വഹണത്തിലെ വീഴ്ചയായി വിലയിരുത്തുന്നു.ലഭിക്കുന്ന ഫണ്ടിനനുസരിച്ച് പരമാവധി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1853700 | 3720711 | +1867011 | (+)100.7 |
| നികുതിയേതര വരവുകൾ | 831964 | 753136 | - 78828 | -9.47 |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 1003812 | 417489 | - 586323 | -58.4 |
| ആകെ | 3689476 | 4891336 | +1201860 | 32.5 |

നികുതിയേതര വരവുകൾ, മറ്റിനം വരവുകൾ എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാന മെടുത്തവ | നിരസിച്ചവ | കാലതാസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 4 | 1 | 0 | 3 എണ്ണം അന്വേഷണത്തിന് നൽകി |
| 2 | തൊഴിൽ രഹിത വേതനം | 0 | 0 | 0 | |
| 3 | വിധവാ പെൻഷൻ | 80 | 70 | 6 | 4 എണ്ണം അന്വേഷണത്തിന് നൽകി |
| 4 | വികലാംഗ പെൻഷൻ | 34 | 30 | 4 | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 13 | 10 | 2 | 1 എണ്ണം അന്വേഷണത്തിന് നൽകി |
| 6 | വാർദ്ധക്യകാല പെൻഷൻ | 361 | 313 | 19 | 29എണ്ണം അന്വേഷണത്തിന് നൽകി |

അപേക്ഷകളിന്മേൽ വി.ഇ.ഒ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് കാലതാമസമുണ്ടാകുന്നത്. പദ്ധതികളുടെ നിർവ്വഹണ ഘട്ടത്തിൽ നിർവ്വഹണത്തിനായി കൂടുതൽ സമയം ആവശ്യമായതിനാൽ, ക്ഷേമ പെൻഷനുകൾക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി അന്വേഷണം നടത്താൻ കഴിയുന്നില്ലെന്ന് വി.ഇ.ഒ അറിയിച്ചു. കാലതാമസം ഒഴിവാക്കുന്നതിന് ബദൽ സംവിധാനം ഉണ്ടാക്കേണ്ടതാണ്.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.7.2017, 2.30 pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 8369 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 25-5-2017 | 03/17 | പി.എ.3-2428/17, തി:8-6-2017<br>കാലയളവിലെ | ഇല്ല |

| | | | | | |
|---|---|---|---|---|---|
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 22/07/2009 മുതൽ 03-8-2009 വരെ | 2004/5 മുതൽ 2008/9 വരെ | എൽ.ബി.എ(എച്ച്.ക്യു.)/iv/8A-1451 /179,തി: 26-8-2009 | മുഴുവൻ ഖണ്ഡികളും തീർപ്പാക്കി |

# 1-11 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് സംവിധാനം ഫലപ്രദമാണ്. എന്നാൽ പഞ്ചായത്തിന് ലഭിക്കേണ്ട മുഴുവൻ നികുതികളും ഈടാക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ട സ്ഥാപന നികുതി ഡിമാന്റ് ചെയ്യുക പോലും ചെയ്തിട്ടില്ല. വിവിധ സെക്ഷനുകൾ ചെയ്ത നിർമ്മാണ ജോലികൾ സമയബന്ധിതമായി ചെയ്തു തീർക്കാൻ കർശന നിർദ്ദേശം നൽകേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 തൊഴിൽനികുതി ഈടാക്കേണ്ടതാണ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 204(1), 204 ii (a)(1) എന്നിവ പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ അറുപത് ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും. 204 ii (b) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചു കൊണ്ട് പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ ഒരു തൊഴിലിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസനസ്സ് നടത്തുകയോ ആയതിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുയും ചെയ്യുന്ന ഏതൊരാളും തൊഴിൽനികുതി നൽകുവാൻ ബാധ്യസ്ഥനാണ്. എന്നാൽ,

i)പഞ്ചായത്തിന്റെ വിവിധ കരാർ പ്രവൃത്തികൾ ചെയ്തുവരുന്ന അംഗീകൃത കരാറുകാരിൽ രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ii) സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

| സ്ഥാപനം | അർദ്ധ വർഷം |
|---|---|
| സഫയർ മെഡിക്കൽ സെന്റർ, കയിലിയാട് | 2016-17 II-ാം അർദ്ധ വർഷം |
| എൻ ടി ക്ലോത്ത് മെർച്ചന്റ്, മുണ്ടക്കോട്ടുകുറിശ്ശി | II-ാം അർദ്ധ വർഷം |
| ഗ്ലോറിയസ് ബ്യൂട്ടിപാർലർ, എസ് കുമാർ കോംപ്ലക്സ്, ചളവറ | II-ാം അർദ്ധ വർഷം |
| ബ്യൂട്ടിക ബ്യൂട്ടിപാർലർ, സ്കൂൾ തൊടി, കണ്ണിയം | II-ാം അർദ്ധ വർഷം |

| | |
|---|---|
| ചളവറ ക്ഷീരോത്പാദക സഹകരണ സംഘം | I & II വർഷം |
| ശ്രീ വാണി കളക്ഷൻസ്, മുണ്ടക്കോട്ടുകുറിശ്ശി | I & II വർഷം |

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നൽകിയതിന് (നം. 26/18.07.17) സ്ഥാപനങ്ങൾക്കും ജീവനക്കാർക്കും നോട്ടീസ് നൽകി തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും വരുമാനപത്രിക ലഭ്യമാക്കി ആയതിന് അനുസൃതമായി തൊഴിൽനികുതി ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് ഇംപാക്ട്
I) താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാത്തത് 26/18.07.17-ാം നമ്പർ ഓഡിറ്റ് അന്വേഷണം നല്കിയതിനെ തുടർന്ന് തുക ഗ്രാമ പഞ്ചായത്തിൽ അടച്ചിട്ടുണ്ട്.

| സ്ഥാപനം | തുക/രശീത് നം (പിഴയടക്കം) |
|---|---|
| ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, കയിലിയാട് | തുക-1350 + 135 (പിഴ) 117090101550/18.07.17 |
| പി ടി എം ഇംഗ്ലീഷ് മീഡിയം സ്കൂൾ, മുണ്ടക്കോട്ടുകുറിശ്ശി | തുക-17400 + 4872 (പിഴ) 117090101583/19.07.17 |
| ഹെവൻലി ഈവന്റ്സ് | തുക-360 + 54 (പിഴ) 117090101580/19.07.17 |

# 2-2 കെട്ടിടത്തിന്റെ ഉപയോഗതരം മാറ്റി നികുതി നിർണ്ണയിക്കേണ്ടതാണ്

I)താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ കെട്ടിടത്തിന്റെ തരം തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| കെട്ടിട നം | ഉപയോഗം | വിസ്തീർണ്ണം (ച.മീ.) | നികുതി നിർണ്ണയത്തിൽ കെട്ടിടത്തിന്റെ തരം |
|---|---|---|---|
| 15/495 | വി.ബി മുരളീധരൻ, മാമ്പറ്റക്കളം വെളിച്ചെണ്ണ ഉണ്ടാക്കി പായ്ക്ക് ചെയ്ത് വിൽപ്പന | 126 | പാർപ്പിടം |

| | | | |
|---|---|---|---|
| 13/404 | എം എച്ച് ഹിൻസാഫ്, സിൽവർ മോൾഡിംഗ്സ്, കയിലിയാട്, പൈപ്പ് ഫിറ്റിംഗ്സ് നിർമ്മാണം | 113.8 | പാർപ്പിടം |
| 2/374A | സുബ്രഹ്മണ്യൻ, മേലേപ്പുരക്കൽ | 63 | പാർപ്പിടം |

നികുതി നിർണ്ണയത്തിൽ പാർപ്പിട ആവശ്യത്തിന് എന്ന രേഖപ്പെടുത്തിയ മേൽപ്പറഞ്ഞ കെട്ടിടങ്ങൾ വാണിജ്യ ആവശ്യത്തിനാണ് ഉപയോഗിച്ചു വരുന്നത്. കെട്ടിടങ്ങളുടെ ഉപയോഗതരം മാറ്റം വരുത്തി നികുതി നിർണ്ണയിക്കേണ്ടതും ഈയിനത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കേണ്ടതുമാണ്. മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/18.07.17-ന്) കെട്ടിടങ്ങളുടെ ഉപയോഗതരം മാറ്റി നികുതി പുനർ നിർണ്ണയം നടത്തി തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിന്റെ തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവർ - വസ്തുനികുതി ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് രേഖാമൂലം സമർപ്പിച്ച കണക്കനുസരിച്ച് 7 മൊബൈൽ ടവറുകളാണ് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളത്. ഇതിൽ ബി എസ് എൻ എൽ, റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് എന്നീ ഏജൻസികൾ നടത്തി വരുന്ന ടവറുകളുടെ വസ്തുനികുതി കുടിശ്ശികയാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ടവർ നടത്തുന്ന ഏജൻസി | ഈടാക്കേണ്ട വാർഷിക കെട്ടിടനികുതി | കുടിശ്ശികയായ വർഷം |
|---|---|---|---|---|
| 1 | 6/406 | റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | 18900 | 2012-13 മുതൽ |
| 2 | 15/503 | റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | 9450 | 2013-14 മുതൽ |
| 3 | 11/200 | ബിഎസ്എൻഎൽ | 2835 | 2012-13 മുതൽ |

റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ്- ന്റെ ഉടമസ്ഥതയിലുള്ള ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നതിന് നിയമപരമായ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ തനതുവരുമാനം സ്രോതസ്സായ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനും വരുമാന നഷ്ടം തടയുന്നതിനുമായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 വെള്ളക്കരം കുടിശ്ശിക ഈടാക്കേണ്ടതാണ്

2016-17 സാമ്പത്തിക വർഷത്തിൽ, പഞ്ചായത്ത് നടത്തിപ്പോരുന്ന 18 കുടിവെള്ള പദ്ധതികളിലുമായി ആകെ 331 ഗാർഹിക കണക്ഷനുകളാണുള്ളത്. വെള്ളക്കരം ഇനത്തിൽ ലഭ്യമാക്കുവാനുള്ള കുടിശ്ശികയുടെ വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.28/19.07.17 -ന് ലഭ്യമാക്കിയ മറുപടിയിൽ ഗാർഹിക കണക്ഷനുകൾക്ക് 10000 ലിറ്റർ വരെ പ്രതിമാസം 100 രൂപയും തുടർന്നുള്ള ഓരോ ലിറ്ററിനും 15പൈസ നിരക്കിലും വെള്ളക്കരം ഈടാക്കി വരുന്നതായും യഥാസമയം വെള്ളക്കരം അടയ്ക്കാത്തവരിൽ നിന്നും പ്രതിമാസം 1% പിഴ ഈടാക്കുന്നതായും അറിയിച്ചിട്ടുണ്ട്. വെള്ളക്കരം150 രൂപയാക്കി വർദ്ധിപ്പിച്ച് കൊണ്ടുള്ള ബൈലോ ഭേദഗതി സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട് എന്ന വിവരവും അറിയിച്ചിട്ടുണ്ട്. 2 വർഷത്തിൽ കൂടുതൽ വെള്ളക്കരം കുടിശ്ശിക വരുത്തിയ ഉപഭോക്താക്കൾവരെ പഞ്ചായത്ത് പരിധിയിലുണ്ട്. ഉദാഹരണം താഴെ കൊടുക്കുന്നു.

| ഉപഭോക്താവ് | കൺസ്യൂമർ നം. | കുടിശ്ശികയായ മാസം |
|---|---|---|
| പാർവതി,പാറമേൽ | 45 | 5/2015 |
| നാരായണൻകുട്ടി, കാളിയത്ത് | 86 | 11/2015 |

ഓഡിറ്റ് എൻക്വയറിക്ക് (നം. 27/18.07.17) ലഭിച്ച മറുപടിയിൽ കുടിശ്ശികയുള്ള ഗുണഭോക്താക്കൾക്ക് നോട്ടീസ് അയച്ചിട്ടുണ്ടെന്നും കുടിശ്ശിക വരുത്തിയ ഗുണഭോക്താക്കളുടെ വാട്ടർ കണക്ഷൻ വിച്ഛേദിക്കും എന്ന് മുന്നറിയിപ്പ് നൽകി തുക പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വെള്ളക്കരം കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളിൽ നിന്നും തുക പൂർണ്ണമായും പിരിച്ചെടുത്ത് പഞ്ചായത്തിന്റെ വരുമാന നഷ്ടം ഇല്ലാതാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-5 സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

തനതു വരുമാനം കുറവായ ഗ്രാമപഞ്ചായത്തിന്റെ വരുമാന സ്രോതസ്സായി ഉപയോഗിക്കാവുന്ന സേവന ഉപനികുതി (നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ) വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

## 2-6 നിർജ്ജീവമായ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്

പഞ്ചായത്തിൽ നിലവിലുള്ള നിർജ്ജീവമായ അക്കൗണ്ടുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ബാങ്ക് | അക്കൗണ്ട് നം | 19.07.17തീയതിയിലെ നീക്കിയിരുപ്പ് |
|---|---|---|
| കോതക്കുറിശ്ശി സർവീസ് സഹകരണ ബാങ്ക് (TSC) | 4059 | 736 |
| കോതക്കുറിശ്ശി സർവീസ് സഹകരണ ബാങ്ക്(MNLV) | 5297 | 490530 |
| കാനറ ബാങ്ക്(RCH) | 6264 | 24077 |
| കാനറ ബാങ്ക് (KRWA) | 6269 | 136081 |
| കാനറ ബാങ്ക് | 5502 | 4 |
| കാനറ ബാങ്ക് | 1677101017974 | 7 |

മുൻകാലങ്ങളിൽ ആരംഭിച്ചിട്ടുള്ളതും നിലവിൽ ഇടപാടുകൾ ഇല്ലാത്തതുമായ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതി തീരുമാനത്തിന് വിധേയമായി ക്ലോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 28/19.07.17) മറുപടി നൽകിയിട്ടുണ്ട്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രവൃത്തി നിർവ്വഹണത്തിനായി സെലക്ഷൻ നോട്ടീസ് ലഭിച്ചശേഷം എഗ്രിമെന്റ് ചമയ്ക്കാൻ കാലതാമസം വന്നതിന് പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്തു വകുപ്പ് മാന്വൽ ജി.ഒ (പി) 13/2012/PWD/1.2.2012 സെക്ഷൻ 2009.6.അനുസരിച്ച് ടെന്റർ സ്വീകരിച്ചതിനുശേഷം 7 ദിവസത്തിനകം ടെന്റർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകണം. ഈ തീയതി സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുകയും അന്നുമുതൽ 14 ദിവസത്തിനകം (അതായത് ഭരണസമിതി ടെന്റർ അംഗീകരിച്ചതിനുശേഷം 21 ദിവസത്തിനകം) കരാറുടമ്പടി വെച്ചില്ലെങ്കിൽ PAC യുടെ 1% തുക(മിനിമം 1000 രൂപ) പിഴയായി കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.എന്നാൽ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തിക്കുവേണ്ടി കരാറുടമ്പടി വെക്കാൻ കാലതാമസം വന്നതിന് നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല.

1. പ്രവൃത്തിയുടെ പേര് : കണ്ടംചിറ മല റോഡ് മെറ്റലിങ് & ടാറിംഗ്

പ്രൊജക്റ്റ് നം : 152/16, 18/17

അടങ്കൽ : 350000

പി.എ.സി : 349413

ചെലവ് : 350000

ബിൽ നം : 2/17 തീ.30.8.2016

എം.ബുക്ക് : 858/15-16

കരാറുകാരൻ : അബ്ദുൾ റഹ്മാൻ.പി

സെലക്ഷൻ നോട്ടീസ്
നൽകിയ തീയതി :രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി
അംഗീകരിച്ച തീയതി :1.9.2015,തീരുമാനം നം. 1(1)

എഗ്രിമെന്റ് വെക്കേണ്ട തീയതി : 22.9.2015

എഗ്രിമെന്റ് വെച്ച തീയതി : 5.3.2016(82/AE/15-16)

ഈടാക്കേണ്ട പിഴ : 3494

ഈടാക്കിയ പിഴ : 0

ബാക്കി : 3494

2.പ്രവൃത്തിയുടെ പേര് :കുറുപ്പത്തുപടി റോഡ് മെറ്റലിങ്$ ടാറിംഗ്

പ്രൊജക്റ്റ് നം : 118/16, 13/17

അടങ്കൽ : 400000

പി.എ.സി :399903

ചെലവ് : 331348

ബിൽ നം :3/17 തീ. 30.08.16

എം.ബുക്ക് : 860/15-16

കരാറുകാരൻ : അബ്ദുൾ റഹ്മാൻ.പി

സെലക്ഷൻ നോട്ടീസ്
നൽകിയ തീയതി :രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി
അംഗീകരിച്ച തീയതി :1.9.2015,തീരുമാനം നം. 1(1)

എഗ്രിമെന്റ് വെക്കേണ്ട തീയതി : 22.9.2015

എഗ്രിമെന്റ് വെച്ച തീയതി : 5.3.2016(81/AE/15-16)

ഈടാക്കേണ്ട പിഴ : 3999

ഈടാക്കിയ പിഴ : 0

ബാക്കി : 3999

3.പ്രവൃത്തിയുടെ പേര് :എടക്കാട്ടുകുന്ന് കുടിവെള്ള പദ്ധതി

പ്രൊജക്റ്റ് നം : 215/16, 38/17

അടങ്കൽ : 370000

പി.എ.സി :370000

ചെലവ് : 370000

ബിൽ നം : 5/17 തീ. 24.10.2016

എം.ബുക്ക് :863/15-16

കരാറുകാരൻ : സ്കറിയ ഏലിയാസ്

സെലക്ഷൻ നോട്ടീസ്
നൽകിയ തീയതി :രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി

അംഗീകരിച്ച തീയതി :23.5.2016,തീരുമാനം നം. 1(3)

എഗ്രിമെന്റ് വെക്കേണ്ട
അവസാന തീയതി : 16.6.2016

എഗ്രിമെന്റ് വെച്ച തീയതി : 19.7.2016 (6/16-17/AE)

ഈടാക്കേണ്ട പിഴ : 3700

ഈടാക്കിയ പിഴ : 0

ബാക്കി : 3700

4.പ്രവൃത്തിയുടെ പേര് :സിറ്റി നടുവിൽ പൈപ്പ്ലൈൻ നീട്ടൽ

പ്രൊജക്റ്റ് നം : 195/16, 27/17

അടങ്കൽ : 100000

പി.എ.സി :98794

ചെലവ് : 100000

ബിൽ നം : 6/17/തീ.24.10.2016

എം.ബുക്ക് : 862/15-16

കരാറുകാരൻ : സ്കറിയ ഏലിയാസ്

സെലക്ഷൻ നോട്ടീസ്
നൽകിയ തീയതി :രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി
അംഗീകരിച്ച തീയതി : :23.5.2016,തീരുമാനം നം. 1(3)

എഗ്രിമെന്റ് വെക്കേണ്ട തീയതി : 16.6.2016

എഗ്രിമെന്റ് വെച്ച തീയതി : 19.7.2016 (5/15-16/AE/)

ഈടാക്കേണ്ട പിഴ : 1000

ഈടാക്കിയ പിഴ : 0

ബാക്കി : 1000

എഗ്രിമെന്റ് ചമയ്ക്കാൻ കാലതാമസം വന്നതിന് നിയമാനുസൃതമായ പിഴ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 17.7.2017ലെ 15/16-17 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ ഇനത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം 12193 രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-2 കൺവീനർ പ്രവൃത്തിക്ക് അധികം തുക അനുവദിച്ചു

പ്രവൃത്തിയുടെ പേര് :ചാലിയംകുന്ന് കുടിവെള്ളപദ്ധതി

പ്രൊജക്റ്റ് നം : 39/17

അടങ്കൽ : 300000

ചെലവ് : 229096

ബിൽ നം : 9/16-17/22.12.2016

എം.ബുക്ക് : 868/15-16

കൺവീനർ : ദിലീപ്. പി

മരാമത്തു പ്രവൃത്തികൾ കൺവീനർ ഏറ്റെടുത്തു ചെയ്യുന്ന സംഗതികളിൽ എഞ്ചിനീയർ രേഖപ്പെടുത്തുന്ന അളവുകളനുസരിച്ചുള്ള പ്രവൃത്തികൾക്ക് കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ, ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണ് കുറവ് അതേ അനുവദിക്കാൻ പാടുള്ളൂ എന്ന് സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ കൺവീനർ ഏറ്റെടുത്തു നടത്തിയ ചാലിയംകുന്ന് കുടിവെള്ള പദ്ധതിയുടെ ഭാഗമായി കുഴൽകിണർ കുഴിച്ച ഏജന്റ് ശ്രീ.സെയ്തു മുഹമ്മദ്, പാലക്കാട് ബോർവെൽ, മഞ്ഞക്കുളം പള്ളി എന്നയാൾ സമർപ്പിച്ച രശീതിൽ ചാലിയംകുന്ന് കുടിവെള്ള പദ്ധതിക്കു വേണ്ടി 6 ഇഞ്ച് കുഴൽകിണർ കുഴിച്ചതിന്റെയും 180 എം.എം. പി.വി.സി പൈപ്പ് ഇറക്കിയതിന്റെയും തുക മൊത്തമായി 74000 രൂപ കൺവീനറിൽ നിന്നും കൈപ്പറ്റിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തിയിൽ ഇനം 2 പ്രകാരം 150mm വ്യസത്തിലുള്ള കുഴൽ കിണർ 124.90 മീറ്റർ ആഴത്തിൽ കുഴിച്ചതിന് 600രൂപ/ മീറ്റർ നിരക്കിൽ 74890 രൂപയും ഇനം 3 പ്രകാരം 180mm വ്യസത്തിലുള്ള പി.വി.സി കേസിങ് പൈപ്പ് 9 മീറ്റർ സ്ഥാപിച്ചതിന് 550രൂപ/മീറ്റർ നിരക്കിൽ 4950 രൂപയും ചേർത്ത് ആകെ 79890 രൂപ കൺവീനർക്ക് അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം അധികം നൽകിയ 5890 രൂപ (79890-74000) തിരികെ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 17.7.2017ലെ 6/16-17 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 5890 രൂപ (79890-74000) തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ ടെന്റർ സ്വീകരിച്ചില്ല

പ്രവൃത്തിയുടെ പേര് : ഗോതമ്പ് റോഡ് റീടാറിങ്

പ്രൊജക്റ്റ് നം : 149/16, 62/17

അടങ്കൽ : 505300

ചെലവ് : 378635

ബിൽ നം : 19/16-17/22.3.2017

എം.ബുക്ക് : 820/15-16

കരാറുകാരൻ :വി.പി. ഗോപാലകൃഷ്ണൻ

എഗ്രിമെന്റ് നം. : 71/16-17/16.3.2017

മേൽ പ്രവൃത്തിക്കുവേണ്ടി സമർപ്പിക്കപ്പെട്ട ഇ-ടെന്ററുകളിൽ ഇസ്മയിൽ.ഒ.കെ എന്നയാൾ 375994 രൂപയും (25.523% കുറവ്) വി.പി.ഗോപാലകൃഷ്ണൻ എന്നയാൾ 378635 രൂപയും (24.99997% കുറവു)ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. 25.523% കുറവ് രേഖപ്പെടുത്തിയ ടെന്റർ സ്വീകരിക്കാതെ 24.99997% കുറവു രേഖപ്പെടുത്തിയ ടെന്റർ സ്വീകരിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ17.7.2017ലെ 8/16-17 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല.ഏറ്റവും കുറവു രേഖപ്പെടുത്തിയ ടെന്റർ നിരസിച്ചതിന്റെ കാരണം രേഖപ്പെടുത്തുകയോ കരാറുകാരനെ അറിയിക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തിന് നഷ്ടമായ 2641 രൂപ ( 378635- 375994 ) പ്രവൃത്തി അനുവദിച്ച എഗ്രിമെന്റിൽ ഒപ്പുവെച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

# 3-4 കുടിവെള്ള പദ്ധതിയ്ക്കുവേണ്ടി സ്ഥലപരിശോധന – കൺവീനർക്ക് അധികം തുക അനുവദിച്ചു

പ്രവൃത്തിയുടെ പേര് :ചാലിയം കുന്ന് കുടിവെള്ളപദ്ധതി കുഴൽകിണർ മോട്ടോർ സ്ഥാപിക്കൽ

പ്രൊജക്റ്റ് നം : 217/17

അടങ്കൽ : 270303

ചെലവ് : 266456

ബിൽ നം : 32/16-17/30.3.2017

എം.ബുക്ക് : 1127/16-17

കൺവീനർ : ദിലീപ്കുമാർ

എഗ്രിമെന്റ് നം. : 71/16-17/16.3.2017

കുഴൽകിണർ കുഴിക്കുന്നതിന് ഭൂഗർഭ ജല വകുപ്പിൽ നിന്നും സ്ഥലപരിശോധന നടത്തിയതിനുള്ള ചാർജ്ജ് കൺവീനർ നൽകി എന്നതിന്റെ അടിസ്ഥാനത്തിൽ മേൽ എം.ബുക്ക് ഇനം 6 പ്രകാരം 1750 രൂപ കൺവീനർക്ക് അനുവദിച്ചിട്ടുണ്ട്.എന്നാൽ ഈ പ്രവൃത്തിയുടെയും ചോലമുക്ക് , ഇട്ടൂർക്കുന്ന് എന്നീ മൂന്ന് കുടിവെള്ളപദ്ധതികളുടെയും സ്ഥലപരിശോധന ഭൂഗർഭ ജല വകുപ്പിൽ നിന്നും നടത്തിയതിന് 1750രൂപ നിരക്കിൽ 5250 രൂപ വൌച്ചർ നം. 21600972/7.2.2017 മുഖേന തനതു ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ആയതിനാൽ കൺവീനർക്ക് നൽകിയ തുക തിരികെ ഈടാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ17.7.2017ലെ 7/16-17 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് തുക ഈടാക്കുന്നതാണ് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. ആയതിനാൽ കൺവീനർക്ക് അധികം നൽകിയ 1750 രൂപ ടിയാനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

# 3-5 കൺവീനർ പ്രവൃത്തിക്ക് തുക ലഭ്യക്കാൻ വ്യാജ ബിൽ സമർപ്പിച്ചു

പ്രവൃത്തിയുടെ പേര് : ഹോമിയോ ആശുപത്രി കെട്ടിടം മെയ്ന്റനൻസ്

പ്രൊജക്റ്റ് നം : 180/16, 23/17

അടങ്കൽ : 200000

ചെലവ് : 198052

ബിൽ നം : 12/6-17/22.12.2016

എം.ബുക്ക് : 870/15-16

കൺവീനർ : കെ.ഉമാറാണി

എഗ്രിമെന്റ് നം. : 74/15-16/AE/2.3.2016

കൺവീനർ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന സിമന്റ്, കമ്പി, ബിറ്റുമിൻ എന്നിവ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ, ഡീലർമാരിൽ നിന്നോ മാത്രമേ വാങ്ങൻ പാടുള്ളൂ എന്നും ഇവയുടെ ഒറിജിനൽ ബിൽ ഹാജരാക്കണമെന്നും സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ മേൽ പ്രവൃത്തിക്കുവേണ്ടി 50 ചാക്ക് സിമന്റ് ചാക്കൊന്നിന് 440രൂപ നിരക്കിൽ 22000 രൂപ ചെലവിൽ പ്രകാശ് സ്റ്റീൽസ്, കുളപ്പുള്ളി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടുണ്ടെങ്കിലും തീയതി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ TIN no. 360420516 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത്തരം സ്ഥാപനം വകുപ്പിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ലെന്ന് കേരള കൊമേഴ്സ്യൽ ടാക്സ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് പരിശോധിച്ചപ്പോൾ ബോധ്യമായി. മേൽ പ്രൊജക്റ്റിൽ ട്രസ്സ് വർക്ക് ചെയ്തതിന് 155000 രൂപ കൺവീനറിൽ നിന്നും കിട്ടി ബോധിച്ചതായി ശ്രീ.ഗോകുൽദാസ്, പ്രേമ എഞ്ചിനീയറിങ് വർക്ക്സ്, ഒറ്റപ്പാലം എന്നയാളുടെ രശീതി ഹാജരാക്കിയിട്ടുണ്ട്. ഇതിലും TIN no. 360420516 എന്ന് തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. യഥാർത്ഥ ബിൽ ഹാജരാക്കാതെ തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ17.7.2017ലെ 9/16-17 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പദ്ധതിക്കുവേണ്ടി ചെലവാക്കിയ 198052 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 കൺവീനർ പ്രവൃത്തിക്കുവേണ്ടി സിമന്റ് വാങ്ങിയതിന്റെ ബിൽ കരാറുകാരന്റെ പേരിലുള്ളത്

പ്രവൃത്തിയുടെ പേര്: മണിപ്രപടി റോഡ് കൾവർട്ട് മെയ്ന്റനൻസ്

പ്രൊജക്റ്റ് നം : 200/16, 31/17

അടങ്കൽ : 200000 (MG (NR)

ചെലവ് : 189261

ബിൽ നം : 14/6-17/ 28.1.2017

എം.ബുക്ക് : 869/15-16

കൺവീനർ : പി.വി.മനോഹരൻ

എഗ്രിമെന്റ് നം. :

കൺവീനർ ഏറ്റെടുത്തു നടത്തിയ മേൽ പ്രവൃത്തിക്കുവേണ്ടി 135ചാക്ക് സിമന്റ് വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടുണ്ട്. എം.കെ. ഏജൻസീസ്, വരോട് എന്ന സ്ഥാപനത്തിന്റെ TIN നമ്പരോട്ടുകൂടിയ ഈ ബില്ലിൽ കോൺട്രാക്ടർ ബഷീർ, മണിപ്രപടി റോഡ് കൾവർട്ട് മെയ്ന്റനൻസ്, ചളവറ എന്നാണ് മേൽ വിലാസം രേഖപ്പെടുത്തിയിട്ടുള്ളത്. അതായത് മേൽ പ്രവൃത്തി കൺവീനർക്കുവേണ്ടി കരാറുകാരനാണ് നടപ്പിലാക്കിയിട്ടുള്ളത്. 23.9.1997ലെ 216/97/LAD, 12.11.1997 ലെ 254/97/LAD നമ്പർ ഉത്തരവുകൾ പ്രകാരം ബിനാമി ഇടപാട്ടുകൾ കുറ്റകരമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ബിനാമി ഇടപാട്ടുകൾ ഉണ്ടാകുന്ന പക്ഷം കരാർ റദ്ദാക്കുന്നതും ഗുണഭോക്തൃസമിതിയുടെ നഷ്ടോത്തരവാദിത്തത്തിൽ മറ്റൊരു ഏജൻസിയെക്കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുന്നതും സമിതിയുടെ പേരിൽ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ നികുതി ഒഴിവാക്കിക്കൊണ്ടുള്ള മൂല്യം 178548.29 രൂപയാണ്. ടെൻഡർ ക്ഷണിച്ചിരുന്നുവെങ്കിൽ ഈ തുകയ്ക്കോ ഇതിലും താഴ്ന്ന നിരക്കിലോ പ്രവൃത്തി ചെയ്യാമെന്നിരിക്കെ കൺവീനർ പ്രവൃത്തിയാക്കിയതിനാൽ പ്രവൃത്തിമൂല്യത്തോടൊപ്പം 6% നികുതി തുക 10713രൂപ കൂടി ചേർത്ത് ആകെ 189261 രൂപയിൽ നിജപ്പെടുത്തി തുക പിൻവലിച്ചിട്ടുണ്ട്. വരവു ചെലവു കണക്കുകൾ കമ്മിറ്റിയിൽ അവതരിപ്പിച്ചിട്ടില്ല. കൺവീനറുടെയും ചെയർമാന്റെയും പേരിൽ കയിലിയാട് സഹകരണ ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും ചെലവുകൾ ബാങ്കിലൂടെ നിർവ്വഹിച്ചതിന് രേഖകളില്ല. ഇക്കാരണങ്ങളാൽ കരാറുകാരൻ ഏറ്റെടുത്തു ചെയ്ത പ്രവൃത്തിയിൽ നികുതിയിനത്തിൽ 10713 രൂപ പഞ്ചായത്തിന് അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ18.7.2017ലെ 24/16-17 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവു ചെയ്ത 189261രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 കൺവീനർ പ്രവൃത്തികൾക്ക് ചെലവിന്റെയും നടപടിക്രമങ്ങളുടെയും രേഖകൾ ഹാജരാക്കിയില്ല

കൺവീനർ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന സിമന്റ്,കമ്പി.ബിറ്റുമിൻ എന്നിവ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ,ഡീലർമാരിൽ നിന്നോ മാത്രമേ വാങ്ങൻ പാടുള്ളൂ എന്നും ഇവയുടെ ഒറിജിനൽ ബിൽ ഹാജരാക്കണമെന്നും സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് തുക അനുവദിക്കുമ്പോൾ സിമന്റ് വാങ്ങിയതിന്റെ TIN നമ്പർ രേഖപ്പെടുത്തിയ ഒറിജിനൽ ബിൽ ഹാജരാക്കിയിട്ടില്ല. കൂടാതെ കൺവീനറുടെയും ചെയർമാന്റെയും പേരിൽ സംയുക്ത അക്കൌണ്ട് തുടങ്ങുകയോ ചെലവുകൾ അക്കൌണ്ടിലൂടെ നിർവ്വഹിക്കുകയോ ചെയ്തിട്ടില്ല.വരവു ചെലവു കണക്കുകൾ സമിതിയിൽ അവതരിപ്പിച്ചിട്ടില്ല. കൺവീനർ പ്രവൃത്തിക്ക് അവശ്യം വേണ്ട നടപടിക്രമങ്ങളൊന്നും പാലിക്കാതെയാണ് പഞ്ചായത്തിലെ മിക്ക പദ്ധതികളും നിർവ്വഹിച്ചിട്ടുള്ളത്. പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമനം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|---|
| 1 | കുളത്തും പടി കോട്ടക്കളം | 200000 | 197209 | 27/16-17/ 30.3.2017 |

| | | | | |
|---|---|---|---|---|
| | റോഡ് കോൺക്രീറ്റിങ് (162/17) | | | |
| 2 | ചാമക്കാട് റോഡ് കോൺക്രീറ്റിങ് പൂർത്തീകരണം (20/17) | 400000 | 400000 | 33/16-17 /30.3.2017 |
| 3 | മാത്രപ്പറമ്പ് കോളനി ബോർവെൽ, പമ്പ് ഹൌസ് നിർമ്മാണം (40/17) | 160000 | 147482 | 13/16-17 /22.12.2016 |
| 4 | തുവക്കാട്ടിൽ മരിയത്തൊടി കോളനിറോഡ് സൈഡ് കെട്ടൽ (93/17) | 450000 | 443721 | 37/16-17 /30.3.2017 |
| 5 | അടാട്ടിരിക്കുന്ന് സൈഡ് വാൾ (44/17) | 320000 | 315535 | 35/16-17 /30.3.2017 |
| 6 | ചെരവത്തൊടി റോഡ് കോൺക്രീറ്റിങ് (226/17) | 158179 | 155805 | 71/16-17 /30.3.2017 |
| 7 | ആകെ | | 1659752 | |

ഒറിജനൽ ബിൽ ഹാജരാക്കാതെ തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ18.7.2017ലെ 25/16-17 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ ഈ ഇനത്തിൽ ചെലവു ചെയ്ത 1659752 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 തെരുവു വിളക്കുകൾക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ (24610*12) 295320/-രൂപ കെ.എസ്.ഇ.ബി കോതകുർശ്ശി ഇലക്ട്രിക്കൽ സെക്ഷനിൽ അടച്ചിട്ടുണ്ട്. തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിലെ കൃത്യത

ഉറപ്പുവരുത്തുനതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്താമെന്ന് സർക്കാർ നിർദ്ദേശിച്ചുണ്ട് . (ബി.ഒ.(എഫ്. ബി.)നമ്പർ 496 / 2004 (എൽ.ജി /സി.ഒ .എം. 3515/ 98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി ) ഗ്രാമ പഞ്ചായത്തും കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ നിജസ്ഥിതി തിട്ടപെടുത്തിയിട്ടുള്ളതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കുന്നതിന് സ്വീകരിച്ച തുടർ നടപടികൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം 20/17.07.17 യ്ക്ക് സംയുക്ത പരിശോധനയ്ക്കായി നിരവധി തവണ കെ.എസ്.ഇ .ബി യ്ക്ക് കത്ത് നൽകിയിരുന്നുവെന്ന് അറിയിച്ചു. 08/05/17 ലെ എ2-2428/17 നം കത്ത് കെ.എസ്.ഇ .ബി യ്ക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ ചില വാർഡുകളിൽ പരിശോധന പൂർത്തിയായിട്ടുണ്ടെന്നും എനർജി മീറ്റർ സ്ഥാപിക്കുന്നതിന് 50 ലക്ഷത്തോളം രൂപ ചെലവു വരുമെന്ന് കെ.എസ്.ഇ.ബി അറിയിച്ചുവെന്നും ഗ്രാമ പഞ്ചായത്തിലെ ഫണ്ടിന്റെ അപര്യാപ്തത മൂലം ഇക്കാര്യത്തിൽ ഭരണ സമിതി തീരുമാനം എടുത്തിട്ടില്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട് .

## 3-9 സ്കൂൾ വിദ്യാർത്ഥിനികൾക്ക് നാപ്കിൻ നൽകൽ - പ്രവൃത്തി പൂർത്തികരിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം | 105/16-17 സ്കൂൾ വിദ്യാർത്ഥിനികൾക്ക് നാപ്കിൻ |
| അടങ്കൽ | 50250/- |
| നിർവ്വഹണം | സെക്രട്ടറി |
| ചെലവ് | 25125 |
| ബിൽ നം | 19/16-17 തീ.20.01.2017 |

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖാന്തിരം ചളവറ ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിൻ വിതരണം ചെയ്യുന്നതിനായി രൂപീകരിച്ച പ്രൊജക്ടിൽ വകയിരുത്തിയ തുകയുടെ 50% തുക കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തികരിച്ചതായി കാണുന്നില്ല.കേരള സംസ്ഥാന ബാലാവകാശ കമ്മീഷന്റെ 18.01.2016 ലെ സി.ആർ.എംപി.നം 5016/01/എൽ എ /1/15/ കെ.ഇ.എസ്.സി.പി.സി.ആർ നം ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതിന്റെ പരിധിയിൽപെടുന്ന ഗവ:,എയിഡഡ്, അൺ എയിഡഡ് സ്കൂളുകളിൽ പരിശോധന നടത്തി ടോയ് ലെറ്റ് സൗകര്യം ലഭ്യമാണോ എന്ന് ഉറപ്പുവരുത്തണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്, ആയതിന് സ്വീകരിച്ച തുടർ നടപടികൾ അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 18/17.07.17)യ്ക്ക് മറുപടിയായി പദ്ധതിയുടെ പൈലറ്റ് പ്രൊജക്ടുമായി ബന്ധപ്പെട്ട് ബഹു ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ കാലതാമസം ഉണ്ടാകുമെന്ന് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ അറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് . (KSWDC/PO2/she-pad /LSGD/2015-16 dt 07.03.17)

ഓഡിറ്റ് നിർദ്ദേശങ്ങൾ

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനുമായി ബന്ധപ്പെട്ട് പദ്ധതി സമയബന്ധിതമായി പൂർത്തികരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിക്കുന്നതിന് അനുവദിക്കുന്ന നിരക്ക് - ഡാറ്റ ലഭ്യമാക്കിയിട്ടില്ല

പഞ്ചായത്ത് തൻവർഷം നടപ്പിലാക്കിയ ചാലിയംകുന്ന് കുടിവെള്ള പദ്ധതി, (പ്രൊ.നം. 39/17) ചാലിയംകുന്ന് കുടിവെള്ള പദ്ധതി കുഴൽകിണർ മോട്ടോർ സ്ഥാപിക്കൽ (പ്രൊജക്റ്റ് നം : 217/17)എന്നീ രണ്ട് പദ്ധതികൾക്കായി യഥാക്രമം 5 HP, 10 HP എന്നിങ്ങനെ മോട്ടോറുകൾ സ്ഥാപിക്കുന്നതിന് 18135 രൂപ/ HP നിരക്ക് അനുവദിച്ചിട്ടുണ്ട്.ഇവ തയ്യാറാക്കുന്നതിന് സ്വീകരിച്ച നിരീക്ഷണ ഡാറ്റ ഓഡിറ്റിന് ലഭ്യമാക്കാൻ

ആവശ്യപ്പെട്ടുകൊണ്ട് നൽകിയ17.7.2017ലെ 10/16-17 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് വാട്ടർ അതോറിറ്റിയുടെ 20.12.2011 ലെ KWA/HO/SP/333/2011/Pumps ഉത്തരവുപ്രകാരമാണ് തുക അനുവദിച്ചിട്ടുള്ളത് എന്ന മറുപടിയാണ് നൽകിയത്. ആയത് കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പ്രവൃത്തിക്ക വേണ്ടി മാനേജിങ് ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവാണ്. ഇത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾക്ക് ബാധകമല്ല. കുഴൽ കിണറിലെ ജലലഭ്യതാ ടെസ്റ്റ് (യീൽഡ് ടെസ്റ്റ്) നടത്തി മോട്ടോർ സ്ഥാപിക്കേണ്ട ആഴം കണക്കിലെടുത്ത് അതിനനുസൃതമായ സ്റ്റേജുള്ള മോട്ടോറാണ് സ്ഥാപിക്കേണ്ടത്. സ്റ്റേജിനനുസരിച്ച് മോട്ടോറിന്റെ വിലയിൽ വ്യക്തമായ വ്യത്യാസം ഉള്ളതിനാൽ ആവശ്യമായ മോട്ടോറിന്റെയും അനുബന്ധ സാമഗ്രികളുടെയും വില പരിഗണിച്ചുകൊണ്ടു മാത്രമേ കരാറുകാർക്ക് തുക അനുവദിക്കാൻ പാടുള്ളൂ എന്നിരിക്കെ എല്ലാ കുടിവെള്ള പദ്ധതികളിലും സബ്മേഴ്സിബിൾ മോട്ടോറും അനുബന്ധ സാമഗ്രികളും സ്ഥാപിക്കാൻ 18135/HP നിരക്ക് അനുവദിക്കുന്നത് അംഗീകരക്കാവുന്നതല്ല. ഭൂഗർഭ ജല വകുപ്പിൽ നിന്നും ഡാറ്റ ലഭ്യമാക്കി ഇത്തരം പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

## 3-11 ഡെപ്പോസിറ്റ് പ്രവൃത്തികൾ : പൂർത്തീകരണ, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

താഴെ പറയുന്ന പ്രവർത്തികൾക്കായി പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ സെക്ഷൻ, എക്സി.എഞ്ചിനീയർ തൃശ്ശൂർ, KSEB ഇലക്ട്രിക്കൽ സെക്ഷൻ കോതകുർശ്ശി എന്നീ കാര്യാലയങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം | പ്രൊജക്ട് നം, പേര് | ബിൽ നം/തിയ്യതി | തുക |
|---|---|---|---|
| 1 | 102/16-17ഓഫീസ് വൈദ്യുതീകരണം | 23/22.2.17 | 337500 |
| 2 | 207/16-17 സമ്പൂർണ്ണ വൈദ്യുതീകരണം | ചെക്ക്നം 7115957/31.03.17 (തനതുഫണ്ട്) | 250000 |

| | | | |
|---|---|---|---|
| | | | |
| 3 | ആകെ | | 587500 |

മേൽ പ്രവർത്തികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ,വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം 12/17.07.17 യ്ക്ക് പ്രവത്തി പൂർത്തിയായിക്കൊണ്ടിരിയ്ക്കുകയാണെന്നും, വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നമുറയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട് . മേൽ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 <u>കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല</u>

2016-17 വർഷത്തിൽ താഴെ പറയുന്ന കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് ഗ്രാമപഞ്ചായത്തിൽ നിന്നും അടച്ചിട്ടുണ്ട്.

| ക്രമ നം | കൺസ്യൂമർ നം. | കുടിവെള്ള പദ്ധതി | വൈദ്യുതി ചാർജ്ജ് | പമ്പ് ഓപ്പറേറ്റർ | നൽകിയ വേതനം | ഈടാക്കിയ വെള്ളക്കരം | മെയിന്റനൻസ് ചെലവ് |
|---|---|---|---|---|---|---|---|
| 1 | 28010920 | കിളിഞ്ചീ രിക്കുന്ന് | 677381 | അലി | 520475 | 331 ഗാർഹിക കണക്ഷൻ കുടിശ്ശിക- 89515 + തൻവർഷം 389464 | മെയിന്റനൻസ് ഗ്രാന്റ് 279094 തനതുഫണ്ട് 55061 |
| 2 | 11254 | ചെട്ടിതൊടി കോളനി | | മുരളി | | | |
| 3 | 421011282 | ചെറുവത്തൂർ കോളനി | | | | | |
| 4 | 12367 | കുഞ്ഞുകുർശ്ശി | | | | | |
| 5 | 15130 | ചെരപറമ്പത്ത് | | ഷംസുദ്ദീൻ | | | |
| 6 | 15171 | ചോലയിൽ | | സുഭാഷ് | | | |
| 7 | 15194 | പാലാട്ടുപടി | | ശാന്ത | | | |
| 8 | 15195 | പട്ടത്തിൽകുന്ന് | | സന്ദീപ് (മീറ്റർ റീഡർ) | | | |
| 9 | 16756 | കളത്തിൽകുന്ന് | | അദിത്ത്(മീറ്റർ റീഡർ) | | | |
| 10 | 21017208 | വാരിയത്ത് തൊടി | | | | | |
| 11 | 33004743 | ചാലിയംകുന്ന് | | | | | |
| 12 | 30008771 | തൃക്കാരമണ്ണ | | | | | |
| 13 | 35010308 | കറുത്തൊടി പൂവത്തിങ്കൽ | | | | | |
| 14 | 36011198 | നടുതൊടി പറമ്പ് | | | | | |
| 15 | 33012690 | ചാലിയംകുന്ന് | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 16 | 10919 | മന്ത്രപറമ്പ് | | | | | |
| 17 | 10937 | പട്ടത്തിൽകുന്ന് | | | | | |
| 18 | 10950 | കൈതേരിക്കുന്ന് | | | | | |
| 19 | ആകെ | | 677381 | | 520475 | 478979 | 334155 |

വരവും ചെലവും തമ്മിലുള്ള ഭീമമായ അന്തരം കുറയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഇതിനു പുറമെ ചളവറ കേന്ദ്രീകൃത കുടിവെള്ള വിതരണ സമിതിയ്ക്ക് 65 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 6500/- രൂപ വീതം 78000/-രൂപ ഗ്രാമ പഞ്ചായത്ത് നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാ .) 1275 /2009/ത.സ്വ. ഭ . വ തീയ്യതി 30.05. 2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏല്പ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നം 11/17.07.17 യ്ക്ക് പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള 18 കുടിവെള്ള പദ്ധതികൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും,പട്ടികജാതിക്കാരും ഗുണഭോക്താക്കളായിട്ടുള്ളതാണെന്നും 2012 മുതൽ ഗാർഹിക കണക്ഷനുവേണ്ടി ബൈലോ പാസ്സാക്കുകയും വെള്ളക്കരം പിരിക്കുകയും ചെയ്യുന്നുണ്ടെന്നും ചെലവ് അധികരിച്ചുവരുന്ന സാഹചര്യത്തിൽ ബൈലോ പുതുക്കി വെള്ളക്കരം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

തനതു വരുമാനം താരതമ്യേനെ കുറവുള്ള ഗ്രാമ പഞ്ചായത്തിന് കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് വലിയൊരു ബാധ്യതയാകാതിരിയ്ക്കാൻ അടിയന്തിരമായി ഗുണഭോക്തൃസമിതി രൂപീകരിച്ച് വാട്ടർ അതോറിറ്റിയിൽ നിന്നും കൈമാറി കിട്ടിയതും ഗ്രാമ പഞ്ചായത്ത് നേരിട്ട് നടത്തുന്നതുമായ കുടിവെള്ള പദ്ധതികളുടെ ആസ്തി -ബാധ്യതകൾ നിർണ്ണയിച്ച് ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

# 3-13 ഭരണസമിതി ടെന്റർ അംഗീകരിക്കുന്നതിനു മുമ്പുതന്നെ കരാറുകാരൻ പ്രവൃത്തിക്ക് കരാർ ചമച്ചു

പഞ്ചായത്തിൽ ലഭിക്കുന്ന ടെന്ററുകളിൽ ഏറ്റവും കുറവു രേഖപ്പെടുത്തിയ ടെന്റർ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശുപാർശയോടെ ഭരണ സമിതിയിൽ വെക്കുകയും ഭരണസമിതി ടെന്റർ അംഗീകരിച്ചശേഷം 7 ദിവസത്തിനകം കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകുകയും വേണം. ഇതിനുശേഷം 14 ദിവസത്തിനകം കരാറുകാരൻ കരാർ ചമയ്ക്കണം. അതായത് സ്വീകാര്യമായ ടെന്ററിന് അംഗീകാരം നൽകിയശേഷം മാത്രമേ കരാർ ചമയ്ക്കാൻ പാടുള്ളൂ എന്നിരിക്കെ താഴെ പറയുന്ന പ്രവൃത്തികളുടെ ടെന്റർ ഭരണസമിതി അംഗീകരിക്കുന്നതിനു മുമ്പു തന്നെ കരാറുകാരൻ പ്രവൃത്തിക്ക് അസിസ്റ്റന്റ് എഞ്ചിനീയറുമായി കരാർ ചമച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

1.പ്രവൃത്തിയുടെ പേര് : ഹെൽത്ത് സെന്റർ റോഡ് റീടാറിങ്

പ്രൊജക്റ്റ് നം : 214/16, 37/17

അടങ്കൽ : 300000

പി.എ.സി : 299890

ചെലവ് : 300000

ബിൽ നം : 7/17/തീ.24.10.2016

എം.ബുക്ക് : 865/15-16

കരാറുകാരൻ : യൂസഫ്. എ.എം

സെലക്ഷൻ നോട്ടീസ്
നൽകിയ തീയതി :രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി
അംഗീകരിച്ച തീയതി : 23.5.2016,തീരുമാനം നം. 1(3)

എഗ്രിമെന്റ് വെച്ച തീയതി : 21.5.2016(2/16-17/AE/)

2.പ്രവൃത്തിയുടെ പേര് : പഞ്ചായത്ത് ഓഫീസ് അറ്റകുറ്റപ്പണി കോമ്പൌണ്ട് വാൾ നിർമ്മാണം

പ്രൊജക്റ്റ് നം : 196/16, 28/17

അടങ്കൽ : 398000

പി.എ.സി : 331916

ചെലവ് : 308874

ബിൽ നം : 8/16-17/ 24.11.2016

എം.ബുക്ക് : 867/15-16

കരാറുകാരൻ : ഷൌക്കത്തലി.റ്റി

സെലക്ഷൻ നോട്ടീസ്
നൽകിയ തീയതി : രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി
അംഗീകരിച്ച തീയതി : 23.5.2016, തീരുമാനം നം. 1(3)

എഗ്രിമെന്റ് വെച്ച തീയതി : 20.5.2016 (1/16-17/AE)

ഭരണസമിതിയുടെ തീരുമാനത്തിന മുമ്പുതന്നെ അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരനെ പ്രവൃത്തി ഏല്പിച്ചു നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ17.7.2017ലെ 16/16-17 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ഇത്തരം വീഴ്ചകൾ ഗൗരവത്തോടെ കാണേണ്ടതും വകുപ്പുതല നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-14 എൽ.ഇ.ഡി തെരുവു വിളക്കുകൾ സ്ഥാപിക്കൽ പ്രവൃത്തി - വാറ്റ്,ആദായ നികുതി,നിർമ്മാണ തൊഴിലാളി

## ക്ഷേമനിധി എന്നിവ ഈടാക്കിയിട്ടില്ല

കേരള കൺസ്ട്രക്ഷൻ വെൽഫെയർ ഫണ്ട് ആക്ട് 1989 സെക്ഷൻ 8(2), സർക്കുലർ നം 2173/C3 /97/ത.ഭ.വ. തി 18,03.97 എന്നിവ പ്രകാരം ലേബർ ഘടകം ഉൾപ്പെട്ടിട്ടുള്ള എല്ലാ കരാറുകളിൽ നിന്നും കരാർ തുകയുടെ 1% തുക ബില്ലിൽ നിന്നും കുറവു വരുത്തി നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ അടയ്ക്കേണ്ടതാണ്. ആദായ നികുതി നിയമം സെക്ഷൻ 194 സി പ്രകാരം ‘ PAN ’എടുത്തിട്ടുള്ള കരാറുകാരിൽ നിന്നും 1% ആദായ നികുതി ഈടാക്കേണ്ടതാണ്. വാണിജ്യ നികുതി കമ്മീഷണറുടെ 31.05.2011ലെ 5/2011 നം സർക്കുലറിൽ കേന്ദ്ര വിൽപന നികുതി നിയമ പ്രകാരം CST രജിസ്ട്രേഷൻ ഉള്ള കരാറുകാരിൽ നിന്നും സർക്കാർ/ ലോക്കൽ ബോഡികളിലെ കരാർ പ്രവർത്തികൾക്ക് 4% വാറ്റ് ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിയമാനുസൃത കിഴിവുകൾ നടത്താതെയാണ് താഴെ പറയുന്ന പ്രവൃത്തികൾക്ക് തുക നൽകിയിരിക്കുന്നത്.

പ്രൊജക്ട് നം 215/16-17 എൽ.ഇ.ഡി തെരുവു വിളക്കുകൾ സ്ഥാപിക്കൽ

അടങ്കൽ 800000/-

നിർവ്വഹണം സെക്രട്ടറി

ചെലവ് 797874

ബിൽ നം 36/16-17 തീ.30.03.2017

കരാറുകാരൻ സുരേഷ് ബാബു കെ.കെ, അദ്വൈത് അസോസിയേറ്റ്, കോലശ്ശേരി,പുഞ്ചപ്പാടം

| ക്രമ നം | വൌച്ചർ നം | ബിൽ തുക | ഈടാക്കേണ്ട നികുതികൾ | | | ആകെ |
|---|---|---|---|---|---|---|
| | | | വാറ്റ് | ആദായ നികുതി | നിർമ്മാണ തൊഴിലാളി ക്ഷേമനിധി | |
| 1 | 21601201 /29.03.17 | 797874 | 31915 | 7979 | 7979 | 47873 |

ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട നികുതികൾ കുറവു ചെയ്യാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം 14/17.07.17 ക്ക് സാധനങ്ങൾ വാങ്ങൽ എന്ന രീതിയിലാണ് പ്രവത്തി നടപ്പിലാക്കിയതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ മേൽ സ്ഥാപനം തന്നെയാണ് എൽ ഇ ഡി ബൾബുകൾ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമായി. പ്രവൃത്തിയുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളിൽ നിയമാനുസൃതം അടയ്ക്കേണ്ട നികുതികൾ കുറവു ചെയ്യാത്തതിനാൽ അധികം നൽകിയ 47873 രൂ നിരാകരിക്കുന്നു. ആയത് കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-15 തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ വൈവിധ്യമാർന്ന പ്രവൃത്തികൾ നടത്തിയത് അഭിനന്ദനാർഹം

പഞ്ചായത്തിലെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ വൈവിധ്യമാർന്ന പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കിയിട്ടുണ്ട്.തരിശു ഭൂമി കൃഷിയോഗ്യമാക്കൽ, ലേബർ ഗ്രൂപ്പുകളുടെ പാട്ടകൃഷി എന്നിവയും ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തോട്, കനാൽ എന്നിവ വൃത്തിയാക്കലും മണ്ണു സംരക്ഷണത്തിന്റെ ഭാഗമായി ഭൂവികസനവും കുടിവെള്ള ക്ഷാമം പരിഹരിക്കാനായി കിണർ, കുളം എന്നിയുടെ നിർമ്മാണവും നടത്തിയിട്ടുണ്ട്. ഓഡിറ്റ് വർഷം 8,50,320 രൂപ ചെലവിൽ 11ലേബർ ഗ്രൂപ്പുകളുടെ പാട്ടകൃഷിക്ക് നിലം ഒരുക്കി നൽകിയിട്ടുണ്ട്. ഇതിൽ 13 അംഗങ്ങളുള്ള നന്മ ലേബർ ഗ്രൂപ്പിലെ അംഗങ്ങളുടെ വരവു ചെലവു കണക്ക്, മിനുട്സ് ബുക്ക് എന്നിവ പരിശോധിച്ചതിൽ 75 സെന്റ് സ്ഥലത്ത് നിലമൊരുക്കി പാവയ്ക്ക, പടവലം, പയർ എന്നിങ്ങനെ ഒട്ടനവധി പച്ചക്കറികൾ കൃഷി ചെയ്തതായും ഗ്രൂപ്പിൽ നിന്നും 4370 രൂപ ചെലവഴിക്കുകയും 19370 രൂപ

ലാഭം ഉണ്ടാകുകയും ചെയ്തിട്ടുണ്ടെന്ന് ബോധ്യമായി. ഇവ കൂടാതെ അംഗങ്ങളുടെ വീടുകളിലേക്ക് ആവശ്യമായ പച്ചക്കറികൾ 6 മാസം വരെ ഇതിൽ നിന്നും ലഭിച്ചു എന്നും അംഗങ്ങൾ അറിയിച്ചു. ഇത്തരം പദ്ധതികൾ വീണ്ടും നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ തൊഴിലുറപ്പ് പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 2.5.2.6 പ്രകാരം കാർഷിക പ്രവർത്തങ്ങൾക്കായുള്ള പദ്ധതികൾ തൊഴിലുറപ്പിന്റെ ഭാഗമായി ഏറ്റെടുക്കാവുന്നതാണെന്നും ഇവയിൽ നിന്നുള്ള ആദായം മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക 1 ഖണ്ഡിക 5ൽ പ്രതിപാദിച്ച വിഭാഗങ്ങൾക്ക് ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തണമെന്നുമുള്ള നിർദ്ദേശം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഖരമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി 3 കമ്പോസ്റ്റുകളുടെ പണികളും പൂർത്തീകരിച്ചിട്ടുണ്ട്. 47 കിണറുകൾ നിർമ്മിച്ചു നൽകുകയും അതു മുഴുവൻ ജലസമൃദ്ധമാണെന്നതും അഭിനന്ദനാർഹമാണ്. കുഴൽകിണറിന്റെ നിർമ്മാണത്തിലൂടെയുള്ള അമിത ഭൂഗർഭ ജല ചൂഷണം ഒഴിവാക്കുന്നതിന് വരും വർഷങ്ങളിൽ കൂടുതൽ തുറന്ന കിണറുകളുടെ നിർമ്മാണത്തിന് പ്രോജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതും വൈവിധ്യമാർന്ന മറ്റു പ്രോജക്റ്റുകളുടെ സാധ്യതകൾ പരിശോധിക്കേണ്ടതുമാണ്.

## 3-16 നാളിതുവരെ ചെലവഴിച്ചിട്ടില്ലാത്ത കേന്ദ്രഫണ്ട്- അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഉപയോഗപ്പെടുത്തേണ്ടതാണ്

2016-17 വർഷത്തിൽ പൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്രവിഹിതമായി പഞ്ചായത്തിന് ലഭിച്ച തുകയിൽ 1137495 രൂപ നാളിതുവരെ ചെലവഴിക്കാതെ നീക്കിയിരിപ്പായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

മുന്നിരിപ്പ് - 340538

തൻവർഷത്തെ വരവ് - 1355948

ആകെ - 1696486

ചെലവ് - 558991

നീക്കിയിരിപ്പ് -11,37,495

സർക്കുലർ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭവ തിയതി 3-9-2010 പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമായ കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ 27 അങ്കണവാടികളാണ് ഉള്ളത്. ഇതിൽ 4 എണ്ണം വാടക കെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിക്കുന്നത്. 2 അങ്കണവാടികൾക്ക്

സ്വന്തമായി സ്ഥലമില്ല. 23 അങ്കണവാടികൾ വൈദ്യുതീകരിച്ചിട്ടില്ല. 14 അങ്കണവാടികളിൽ വയറിംഗ് നടത്തിയിട്ടുണ്ടെങ്കിലും കണക്ഷൻ ലഭ്യമാക്കിയിട്ടില്ല. കുടിവെള്ള സൗകര്യം 13 അങ്കണവാടികളിൽ മാത്രമാണ് ഉള്ളത്. ഓടിട്ട കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 8 അങ്കണവാടികളിൽ ടോയിലറ്റ് സൗകര്യങ്ങൽക്കായി പുറത്ത് പോകേണ്ട അവസ്ഥയാണുള്ളതെന്നും, അറ്റകുറ്റ പണികൾ നടത്താത്തതിനാൽ കെട്ടിടങ്ങൾ മഴയിൽ ചോർന്നൊലിക്കുന്ന അവസ്ഥയിലാണെന്നും, ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചു.

മേൽ ആവശ്യങ്ങൾക്ക് തുക വകയിരുത്താതിരുന്നതിന്റെയും, തുക ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് പൂരകപോഷകാഹാര പദ്ധതിക്കായി നാളിതുവരെ നൽകാത്തതിന്റെ കാരണം വിശദീകരികുവാൻ ഓഡിറ്റ് അന്വേഷണത്തിനു (ഓഡിറ്റ് അന്വേഷണം നമ്പർ 5/15-7-17) ലഭ്യമാക്കിയ മറുപടിയിൽ സ്ഥലമില്ലാത്ത അങ്കണവാടിക്ക് സ്ഥലം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും, കുടിവെള്ള കണക്ഷൺ ഇല്ലാത്ത അങ്കണവാടികൾക്ക് കണക്ഷൻ എടുക്കുന്നതിനും, ഗ്യാസ് കണക്ഷൻ ലഭ്യമാക്കുന്നതിനും, പ്രഷർ കുക്കർ വാങ്ങുന്നതിനും 17-18 സാമ്പത്തിക വർഷം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാൻ പദ്ധതികൾ ആവിഷ്ക്കരിക്കുകയും മുൻഗണന നൽകി അവ പ്രാവർത്തികമാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.
2. അങ്കണവാടികളുടെ ഫിറ്റ്നസ് ഉറപ്പാക്കുന്നില്ല
3. സർക്കാർ സർക്കുലർ നമ്പർ 31055/ഡി.സി.2/2011/തസ്വഭവ തിയ്യതി 22.3.2011 ഖണ്ഡിക (സി) 1,2,3 എന്നിവ പ്രകാരം എല്ലാ വർഷവും മെയ് 10 നകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുവൻ പാടില്ല. മതിയായ സുരക്ഷിതത്വം ഇല്ലാത്തപക്ഷം നിശ്ചിത സുരക്ഷിതത്വ സംവിധാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനം/കെട്ടിട ഉടമ ഏർപ്പെടുത്തേണ്ടതാണ്. ഇപ്രകാരം സുരക്ഷാ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയില്ലെങ്കിൽ സുരക്ഷിതമായ മറ്റൊരു സ്ഥലത്തേക്ക് അങ്കണവാടികൾ മാറ്റി പ്രവർത്തിപ്പിക്കേണ്ടതാണ്. അങ്കണവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻെറ അദ്ധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടിപ്രവർത്തകർ, എഞ്ചിനീയർ/ഓവർസീയർ എന്നിവരുടെ ഒരു യോഗം വിളിച്ച് ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ് .മെയ് 30-നകം ഫിറ്റനസ് ഉണ്ടെന്ന് ഉറപ്പാക്കുകയും വേണം. സർക്കുലറിലെ നിർദ്ദേശങ്ങൾ നാളിതുവരെ പാലിച്ചിട്ടില്ല.

എല്ലാ അങ്കണവാടികളുടേയും സുരക്ഷിതത്വം ഉറപ്പാക്കേണ്ടതാണ്.

## 3-17 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ - S083/17

പ്രോജക്ട് - പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

അടങ്കൽ - 3,12,500 രൂപ (വികസന ഫണ്ട് ജനറൽ)

ചെലവ് - 312500 രൂപ

ബിൽ നമ്പർ P1/2016-17 തിയതി 17-2-17

മേൽ പദ്ധതിയുടെ ഭാഗമായി 17-2-2017 ൽ ഡി.ഡി. നമ്പർ 046464 പ്രകാരം മൃഗ സംരക്ഷണ വകുപ്പ് കാഫ് ഫീഡ് അസിസ്റ്റന്റ് ഡയറക്ടർക്ക് 312500 രൂപ നൽകിയിട്ടുള്ളതാണ്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം നമ്പർ 17/17-7-2017ന് നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ലെന്നും, പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ കത്ത് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-18 തെരുവ് നായ പ്രജനനനിയന്ത്രണ പദ്ധതിക്ക് തുക കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ - S058/17

പ്രോജക്ട് - തെരുവ് നായ പ്രജനനനിയന്ത്രണ പദ്ധതിക്ക് തുക കൈമാറൽ

അടങ്കൽ 350000 രൂപ (തനത് ഫണ്ട് )

ചെലവ് 350000 രൂപ

മേൽ പദ്ധതിയുടെ ഭാഗമായി 27-10-2016ൽ ഡി.ഡി. നമ്പർ 047915 പ്രകാരംപാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് 350000 രൂപ നൽകിയിട്ടുള്ളതാണ്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം നമ്പർ 17/17-7-2017 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ കത്ത് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-19 അങ്കണവാടി അനുപൂരക പോഷകാഹാരം പദ്ധതിക്കായി വാങ്ങിയ ഭക്ഷ്യ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല

പ്രോജക്റ്റ് - അംഗൻവാടി അനുപൂരക പോഷകാഹാരം (ജനറൽ) പ്രോജക്റ്റ് നമ്പർ - S069/17

അടങ്കൽ – 1957500

ചെലവ് – 1161676 രൂപ

നിർവ്വഹണം ഐ.സി.ഡി. എസ്. സൂപ്പർവൈസർ

മേൽ പദ്ധതിയുടെ ഭാഗമായി അംഗൻവാടികൾക്കാവശ്യമായ ഭക്ഷണ സാധനങ്ങൾ ' കിഡ്സ് ലവർ അമൃതം ഫുഡ് പാലക്കാട് 'എന്ന കുടുംബശ്രീ സ്ഥാപനം, മാവേലി സ്റ്റോർ എന്നിവിടങ്ങളിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. കേന്ദ്രീകൃത സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ലാത്തതിനാൽ ഓഡിറ്റ് കാലയളവിൽ ഭക്ഷ്യവസ്തുക്കളുടെ വിതരണം ഉറപ്പ് വരുത്തുന്നതിന് 17-7-2017 ന് എല്ലാ അംഗൻവാടികളിൽ നിന്നും സ്റ്റോക്ക് രജിസ്റ്ററുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നമ്പർ 4/15-7-2017 പ്രകാരം അറിയിക്കുകയും, പരിശോധനയിൽ ഭക്ഷ്യവസ്തുക്കളുടെ വിതരണം ഉറപ്പ് വരുത്തുകയുമുണ്ടായി.

അങ്കണവാടികൾക്കുള്ള ഭക്ഷ്യ വസ്തുക്കൾ ലഭ്യമായലുടൻ കൃത്യമായി സ്റ്റോക്കിലെടുക്കുകയും, വിതരണം സംബന്ധിച്ച വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ പൂർണ്ണമാക്കി സൂക്ഷിക്കുവാനും നിർവ്വഹണോദ്യോഗസ്ഥൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-20 പി.എം.എ.വൈ ഭവന പദ്ധതി വിഹിതം നൽകൽ (എസ്.സി)- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള പി.എം.എ.വൈ ഭവന പദ്ധതി വിഹിതം നൽകൽ (എസ്.സി) എന്ന പദ്ധതിക്കായി താഴെ പറയും പ്രകാരം ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്റ്റ് | ബിൽ നം. /തിയതി | തുക | ഡി.ഡി.നമ്പർ/ തിയതി |
|---|---|---|---|
| 75/17പി.എം.എ.വൈ വൈ ഭവന പദ്ധതി വിഹിതം (എസ്.സി) | 2/2016-17 /20-10-16 | 2,00,000 രൂപ | 047917 / 28-10-16 |

ഓഡിറ്റ് അന്വേഷണം നമ്പർ 3/15-7-2017 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന്, 2016-17 ൽ പദ്ധതി നടപ്പിലാക്കിയിട്ടില്ലെന്നും 2017-18 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതാണെന്നും ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളതാണെന്ന് 17-7-2017 ലെ അസിസ്റ്റന്റ് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ

വ്യക്തമാക്കിയിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിനിയോഗ സാക്ഷ്യ പത്രം ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-21 പാലിയേറ്റീവ് കെയർ - ശേഷിക്കുന്ന തുകയ്ക്കുള്ള മരുന്ന് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്

1) പ്രൊജക്ട് - പാലിയേറ്റിവ് കെയർ

പ്രൊജക്ട് നം. - 71/17

അടങ്കൽ – 450000 രൂ (വികസന ഫണ്ട് പൊതുവിഭാഗം)

ചെലവ് - 387402രൂ

a) മേൽ പ്രോജക്ട പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ പാലിയേറ്റീവ് കെയറിന് മരുന്ന വാങ്ങുന്നതിനായി 50000രൂ (ബിൽ നം 4/16-17/23.03.17) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

ലഭ്യമായ മരുന്നിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം. | തുക |
|---|---|
| 1200/20.06.17 | 16772 |
| 1736/13.07.17 | 10282 |
| ആകെ | 27054 |

ശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ 22 /17.07.17-ാം നമ്പർ ഓഡിറ്റ് അന്വേഷണം പ്രകാരം ആവശ്യപ്പെട്ടതിന് ശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ ഉടൻ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇൻവോയ്സ് നം. 1736/13.07.17 പ്രകാരം ലഭ്യമായ മരുന്നുകൾ സ്റ്റോക്കിലെടുക്കേണ്ടതും 22946/- രൂപയ്ക്കുള്ള മരുന്നുകൾ ഉടൻ ലഭ്യമാക്കി പ്രൊജക്ടിനായി ഉപയോഗിക്കേണ്ടതുമാണ്.

## 3-22 മരുന്നു വാങ്ങൽ പ്രൊജക്ട് - കൈമാറിയ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല

പ്രൊജക്ട് : 98/17, വയോജനങ്ങളുടെ ആയുർവേദ പരിപാലനം

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ ആയുർവേദം

അടങ്കൽ : 450000

ചെലവ് : 450000

മേൽ പ്രൊജക്ട പ്രകാരം ബിൽ നം. 2/16-17/23.02.17 പ്രകാരം പിൻവലിച്ച 450000രൂ ഔഷധിയുടെ അക്കൗണ്ടിലേക്ക് 23.02.17-ന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇതിൽ ലഭ്യമായ

മരുന്നിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം. | തുക |
|---|---|
| 4365/27.02.17 | 154792 |
| 5071/31.03.17 | 108879 |
| 900019381/23.05.17 | 117935 |
| 90022130/20.06.17 | 28604 |
| ആകെ | 410210 |

ശേഷിക്കുന്ന 39790 (450000-410210) രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം (നം. /16-17) നൽകിയതിന് മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 3-23 മരുന്നു വാങ്ങൽ പ്രൊജക്ട് - കൈമാറിയ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല

പ്രൊജക്ട് - ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നു വാങ്ങൽ

പ്രൊജക്ട് - നം. 80/17

അടങ്കൽ - 300000രൂ (മെയിന്റൻസ് ഗ്രാന്റ് - റോഡിതരം)

ചെലവ് - 300000 രൂ

മേൽ പ്രോജക്ടു പ്രകാരം മരുന്നു വാങ്ങുന്നതിനായി 300000രൂ (ബിൽ നം 1/16-17/20.12.17) ഡിഡി(നം.046140/20.12.17) മുഖേന കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്- ആലപ്പുഴയ്ക്ക് കൈമാറിയിട്ടുണ്ട്. ഇതിൽ ഇൻവോയ്സ് നം. എൽ എഫ് 245/ 22.06.17 പ്രകാരം 191560 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ആയത് സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ, ശേഷിക്കുന്ന തുകയ്ക്കുള്ള (108440 രൂപ) മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 3-24 മരാമത്തു പ്രവൃത്തികൾ ഇ- ടെന്റർ ചെയ്യുമ്പോൾ ടെന്റർ ഫോറം വില ഗ്രാമ പഞ്ചായത്തിന് ലഭിക്കുന്നില്ല

5 ലക്ഷത്തിനു മുകളിൽ അടങ്കലുള്ള മരാമത്തു പ്രവൃത്തികൾക്ക് ഇ-ടെന്റർ നടപടിയാണ് സ്വീകരിക്കുന്നത്. പഞ്ചായത്തിന് ലഭിക്കേണ്ട ടെന്റർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത്. ഓരോ സാമ്പത്തിക വർഷവും നിരവധി പ്രവൃത്തികൾ ഇപ്രകാരം ഇ-ടെന്റർ ചെയ്യപ്പെടുമ്പോൾ പഞ്ചായത്തിന് ലഭിക്കേണ്ട ടെന്റർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്നത് ഗ്രാമ പഞ്ചായത്തിന് ലഭിക്കുന്നില്ല.തൻവർഷം ഇ-ടെന്റർ ചെയ്യപ്പെട്ട പ്രവൃത്തികളുടെയും ടെന്റർ ഫോറം വിലയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെന്റർ ഫോറം വില | ടെന്ററിൽ പങ്കെടുത്തവരുടെ എണ്ണം | ആകെ വില |
|---|---|---|---|---|---|
| 1 | കാട്ടിലപ്പാടം റോഡ് റീടാറിങ് | 500000 | 1050 | 10 | 10500 |
| 2 | പോസ്റ്റ് ഓഫീസ് തരുവക്കോണം റോഡ് റീടാറിങ് | 800000 | 1680 | 12 | 20160 |
| 3 | ഇട്ടൂർക്കുന്ന് പട്ടത്തിക്കുന്ന് റോഡ് മെറ്റലിങ് &ടാറിങ് | 500000 | 1050 | 11 | 11550 |
| 4 | ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മാണം | 815019 | 1790 | 3 | 5370 |
| 5 | കുന്നത്തൊടി കോളനി കുടിവെള്ളപദ്ധതി | 500000 | 1050 | 7 | 7350 |
| 6 | കണ്ണൂർക്കം പറമ്പ് കുടിവെള്ളപദ്ധതി | 500000 | 1050 | 8 | 8400 |
| 7 | ഉമ്പായ അങ്കണവാടി നിർമ്മാണം | 673275 | 1580 | 3 | 4740 |
| | ആകെ | | | | 68070 |

തൻവർഷവും മുൻ വർഷങ്ങളിലും ടെന്റർ ഫോറം ഇനത്തിൽ ലഭിക്കാനുള്ള തുകകൾ ഗ്രാമ പഞ്ചായത്തിന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 375000 | ഉഴവുകൂലി<br>6//17 | 375000 | 0 |
| ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് | 500000 | വേമ്പലത്തുപാടം കുടിവെള്ള പദ്ധതി<br>10/17 | 500000 | 0 |

| | | | | |
|---|---|---|---|---|
| ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് | 300000 | പുളിങ്കുളം ചേറമ്പറ്റക്കാവ് റോഡ് റീടാറിംഗ് 35/17 | 300000 | 0 |

# 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

വിവിധ പ്രവൃത്തികൾക്കായി കേരള ഇലക്ട്രിസിറ്റി ബോർഡിൽ തൻവർഷം 694380 രൂപ നിക്ഷേപിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | കുന്നത്തൊടി കുടിവെള്ള പദ്ധതി 3 ഫേസ് കണക്ഷൻ | 4/16-17 | 106880 | 106880 | പൂർത്തീകരിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചു. | 0 |
| പി.ഡബ്ല്യു. ഡി ഇലക്ട്രിക്കൽ ഡിവിഷൻ, തൃശ്ശൂർ | ഓഫീസ് വൈദ്യുതീകരണം | 23/16-17 | 337500 | 337500 | പ്രവൃത്തി പൂർത്തീകരിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. | 0 |
| കെ.എസ്.ഇ.ബി | സമ്പൂർണ്ണ വൈദ്യുതീകരണം | 7115957/31.3.17 | 250000 | 250000 | -ടി- | 0 |
| ആകെ | | | 694380 | 694380 | | |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഒന്നുമില്ല

# 4-4 വായ്പ/വായ്പ തിരിച്ചടവിന്റെ വിവരം

| 2016-17 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിക്കാന വശേഷിക്കുന്നത് |
|---|---|---|---|
| ഒന്നുമില്ല | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| വായപയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തിയതി | വായ്പ തുക | മുൻബാക്കി | തൻവർഷം മുതൽ | അടച്ച പലിശ | വർഷാ വസാനം ബാക്കി |
|---|---|---|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ.പി നമ്പർ1000/10 / 24-3-2010 | 1187500 | 659720 | 131945 | 0 | 527775 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം 46910 രൂപ ഈടാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദി | ഈടാക്കിയ തുക | രശീതി നമ്പർ/ തിയതി |
|---|---|---|---|---|---|
| 1 | 2015-16 | 3-1 & 3-2 | പ്രഭാകരൻ. എൻ.<br>അസിസ്റ്റന്റ് എഞ്ചിനിയർ<br>എൽ.എസ്.ജി.ഡി | 16592 | 11609106283 /7-3-17 |
| 2 | 2014-15 | 3-2 | അനുഷ.ആർ. അസിസ്റ്റന്റ് എഞ്ചിനിയർ<br>എൽ.എസ്.ജി.ഡി | 8424 | 11609103183/15.10.16 |
| | | 3-9 | -ടി- | 14894 | -ടി- |
| 3 | 2015-16 | 3-1 | -ടി- | 7000 | 11609105267/18.1.17 |
| | | | ആകെ | 46910 | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം , ഖണ്ഡിക നമ്പർ | സമാഹൃത രിപ്പോർട്ട് വർഷം ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2015-16 ഖണ്ഡിക 4-1 | 2015-`16 ഖണ്ഡിക 4.1.1 | ത.സ്വ.ഭ.വ. സ്ഥാപനങ്ങളിലെ പുതിയ അക്കൗണ്ടിംങ് സമ്പ്രദായം സംബന്ധിച്ച് | 20-6-2017 ന് മറുപടി സമർപ്പിച്ചിട്ടുണ്ട് |

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാറ്റേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതും കമ്മിറ്റിയുടെ വാർഷിക കണക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ വിവിധ ആശുപത്രികൾ ഉണ്ടെങ്കിലും അവയിലെ വികസന സമിതികളുടെ വരവ് ചെലവ് കണക്ക് ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 53141547 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51038186 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 70873 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2047065 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3-1(1)-3494 | ശ്രീ പ്രഭാകരൻ എൻ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| | 3-1(2)-3999 | ശ്രീ പ്രഭാകരൻ എൻ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| | 3-1(3)-3700 | ശ്രീമതി മഞ്ജു കെ ആർ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| | 3-1(4)-1000 | ശ്രീമതി മഞ്ജു കെ ആർ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | 5890 | ശ്രീമതി മഞ്ജു കെ ആർ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | 2641 | ശ്രീമതി മഞ്ജു കെ ആർ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | 1750 | ശ്രീമതി ശോഭ പി വി<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 22474 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 198052 | ശ്രീമതി മഞ്ജു കെ ആർ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | 189261 | ശ്രീമതി മഞ്ജു കെ ആർ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | 197209 | ശ്രീമതി ശോഭ പി വി<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| | 400000 | ശ്രീമതി ശോഭ പി വി |

| | | |
|---|---|---|
| | | അസിസ്റ്റന്റ് എഞ്ചിനീയർ |
| | 147482 | ശ്രീമതി മഞ്ജു കെ ആർ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| | 443721 | ശ്രീമതി ശോഭ പി വി<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| | 315535 | ശ്രീമതി ശോഭ പി വി<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| | 155805 | ശ്രീമതി ശോഭ പി വി<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 20,47,065 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക |
|---|---|
| 3-14 | 47873<br>വിൽപന നികുതി-31915<br>ആദായ നികുതി – 7979<br>നിർമ്മാണ തൊഴിലാളി ക്ഷേമ നിധി-7979 |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ പ്രഭാകരൻ എൻ<br>അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ചു | കൃഷ്ണപ്രഭ, കീഴ്പ്പാടം, മുണ്ടൂർ പി ഒ, പാലക്കാട്-678592 |
| ശ്രീമതി.മഞ്ജു.കെ.ആർ<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>തൃക്കടീരി ഗ്രാമപഞ്ചായത്ത് | മാടത്താണിയിൽ വീട്<br>തൃക്കളത്തൂർ,<br>എറണാകുളം-683587 |

| | | |
|---|---|---|
| ശ്രീമതി ശോഭ പി വി<br>അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ചു | പുതുവാശ്ശേരി വീട്<br>നെടുമ്പാശ്ശേരി പി ഒ<br>എറണാകുളം 683585 |
| ശ്രീ.സ്റ്റാലിൻ ഡബ്ല്യൂ. ഗോമസ്<br>സെക്രട്ടറി | സെക്രട്ടറി<br>ചളവറ ഗ്രാമപഞ്ചായത്ത് | ജ്യോതിസ്സ്,<br>മുണ്ടക്കൽ, മുരുക്കുംപുഴ പി ഒ<br>തിരുവനന്തപുരം-695302 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | 408/12/17.02.2012 | ഓഡിറ്റ് അദാലത്ത് |
| 1997-98 | 408/12/17.02.2012 | ഓഡിറ്റ് അദാലത്ത് |
| 1998-99 | 408/12/17.02.2012 | ഓഡിറ്റ് അദാലത്ത് |
| 1999-00 | 408/12/17.02.2012 | ഓഡിറ്റ് അദാലത്ത് |
| 2000-01 | 408/12/17.02.2012 | ഓഡിറ്റ് അദാലത്ത് |
| 2001-02 | 408/12/17.02.2012 | ഓഡിറ്റ് അദാലത്ത് |
| 2002-03 | 408/12/17.02.2012 | ഓഡിറ്റ് അദാലത്ത് |
| 2003-04 | LFP 14/1753/08/24.10.2009 | ഫർദർ റിമാർക്സ് |
| 2004-05 | LFP 14/1643/11/29.09.11 | മോണിറ്ററിംഗ് സമിതി |
| 2005-06 | LFP 14/1643/11/29.09.11 | മോണിറ്ററിംഗ് സമിതി |
| 2006-07 | LFP 14/58/2009/26.03.09 | ഫർദർ റിമാർക്സ് |
| 2007-08 | LFP16 /2024/12/16.07.13 | ഫർദർ റിമാർക്സ് |
| 2008-09 | LFP16/612/12/16.08.13 | ഫർദർ റിമാർക്സ് |
| 2009-10 | LFP16/1298/13/05.02.14 | ഓഡിറ്റ് റിപ്പോർട്ട് |
| 2010-11 | LFP16/1298/13/05.02.14 | ഓഡിറ്റ് റിപ്പോർട്ട് |
| 2011-12 | LFP16/1275/14/07.10.14 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13<br>2013-14<br>2014-15 | KSA-PKD-P16/1236/16/ 20.07.16 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | KSA PKD-16-1885/16 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# 1

## അനുബന്ധം

നം.കെ.എസ്.എ-പികെഡി16/1652/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തിയതി -25-08-2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ ചളവറ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷ്യപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചളവറ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.
2. വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്വെയർ മുഖേന തയ്യാറാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
3. തനതുഫണ്ട് ബാങ്ക് അക്കൗണ്ട് റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD16/1652/2017

Kerala State Audit Department

District Audit Office

Palakkad

Date –23-08-2017

## Audit Certificate

Certified that I have audited the Annual Financial Statement of Chalavara Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Chalavara Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1. Asset values not updated and linked with Sankhya. Hence Balance sheet does not reflects actual value of assets.
2. Arrear and current demand, Collection, Balance amounts shown in AFS not in agreement with data prepared by Sanchaya Software.
3. Own fund bank account not reconcilied.

Deputy Director